



# സ്മാർട്ട് സിറ്റിയും മാറുന്ന കേരളീയ സമൂഹവും

**കേരള സർക്കാരും ടികോമും ഒപ്പുവെച്ച സ്മാർട്ട് സിറ്റി കരാറിന്റെ പശ്ചാത്തലത്തിൽ പുതിയ വികസന മാതൃകയും കേരളത്തിലെ പ്രത്യേക സാമ്പത്തിക മേഖലയെക്കുറിച്ചും ആശങ്കകൾ ഉയർന്നുതുടങ്ങി. എറണാകുളം പി.ഡബ്ലിയു.ഡി. റസ്റ്റ് ഹൗസിൽ മെയ് 13 ന് നടന്ന "സ്മാർട്ട് സിറ്റിയും മാറുന്ന കേരളീയ സമൂഹവും" എന്ന ചർച്ചയിൽ ഡോ. നിസാർ അഹമ്മദ്, അനിവർ അരവിന്ദ്, സി.കെ. രാജു, ജോസഫ് തോമസ്, കിരൺചന്ദ്, ഹിരൺ വേണുഗോപാലൻ തുടങ്ങിയവർ പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽനിന്ന്.**

**പശ്ചാത്തലം**

1) ഒ.ഇ.സി.ഡി. എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ദുബായ്-ൽ വച്ച് നടക്കുന്ന ഇന്റർനാഷണൽ കോൺഫറൻസ്-ൽ കേരളത്തിലെ ഐ.ടി. മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി (2002 ൽ) ഈ ആശയം വാങ്ങുന്നു.

2) 2003 ഡിസംബർ-ൽ കേരളത്തിൽ സ്മാർട്ട് സിറ്റിയെന്നു ആശയം പ്രചാരത്തിൽ വരുന്നു.

3) വിവര സാങ്കേതിക വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനും ഐ.ടി. പ്രൊഫഷണലുകൾക്കും 33,000 തൊഴിൽ 10 വർഷം കൊണ്ട് നൽകാനാവുമെന്ന് പ്രഖ്യാപനം ഉണ്ടാവുന്നു.

4) ഇടതുപക്ഷ സംഘടനകൾ റിയൽ-എസ്റ്റേറ്റ് കച്ചവടമാണെന്ന് പറഞ്ഞ് 'ധാരണ'യെ എതിർക്കുന്നു.

5) സ്മാർട്ട് സിറ്റി വൻ വിഷയമാക്കിയ യുഡിഎഫ് സർക്കാർ തിരഞ്ഞെടുപ്പിൽ തോൽക്കുന്നു.

6) അധികാരത്തിൽ കയറുന്ന എൽ.ഡി.എഫ്. സർക്കാർ സ്മാർട്ട് സിറ്റി പദ്ധതിയെ മുന്നോട്ട് കൊണ്ടുപോകുന്നു. 90000 തൊഴിൽ 10 വർഷം എന്ന ഒരു പ്രധാന മാറ്റം ധാരണയിൽ കൊണ്ടുവരുന്നു.

7) വലിയ ചർച്ചയൊന്നും കൂടാതെ വിവര വ്യവസായവും അനുബന്ധ വ്യവസായങ്ങൾക്കുമായി ഒരു സ്പെഷൽ ഇക്കണോമിക് സോൺ ആയി 'സ്മാർട്ട് സിറ്റി' കൊച്ചിയിൽ രൂപപ്പെടുത്തുന്നു.

എ) വിവര സാങ്കേതിക വ്യവസായത്തിന്റെ മൂന്നു രൂപാന്തരങ്ങൾ ഇവയൊക്കെയാണ്.

1) ബി.പി.ഒ. (Business Process Outsourcing) ജോലികൾ - അധികവും ക്ലറിക്കൽ തസ്തികകൾ

2) സോഫ്റ്റ്വെയർ ഉൽപാദനവും കൺസൾട്ടൻസിയും-10%ത്തോളം ഐ.ടി. പ്രൊഫഷണലുകൾ തൊഴിലെടുക്കുന്ന മേഖല-ഐ.പി.ആർ. (പേറ്റന്റ്, പകർപ്പവകാശം) നിയമങ്ങളുടെ പിൻബലത്തിൽ കുറഞ്ഞ തൊഴിൽ കൊണ്ട് കുത്തക സേവനങ്ങൾ നിലനിർത്തി വൻലാഭം കൊയ്യുന്ന കമ്പനികൾ-മിക്ക കമ്പനികളുടേയും ശരാശരി തൊഴിലാളിയുടെ വയസ്സ് 25-30 ഇടയിൽ. ഒരു Apprentice-training സ്ഥലമെന്ന് വിശേഷിപ്പിക്കാവുന്ന മേഖല. ഐ.ടി. പ്രൊഫഷണലുകളെ മുഴുവൻ പ്രതിനിധാനം ചെയ്ത ആനുകൂല്യങ്ങൾ വാങ്ങുന്ന ഒരു ന്യൂനപക്ഷം.

3) കമ്യൂണിക്കേഷൻ, മാദ്ധ്യമം, ബിസിനസ്സ്, ട്രാൻസ്പോർട്ടേഷൻ, ഡിഫൻസ്, എഡ്യുക്കേഷൻ, റിസർച്ച്, ഫിനാൻഷ്യൽ സർവ്വീസ്, മറ്റു പൊതു സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ ഇഴുകിചേർന്ന് ജീവിക്കുന്ന 90% ത്തോളം വരുന്ന ഐ.ടി. പ്രൊഫഷണലുകൾ അവരുടെ ഉപജീവനുമായി മുന്നോട്ട് പോകുന്ന വ്യവസായ സേവന ശൃംഖലകൾ.

- ഇതിൽ 90%ത്തോളം വരുന്ന പ്രൊഫഷണലുകളുടേയോ അവരുടെ തൊഴിൽ സാധ്യതകളുടേയോ മീതെ വലിയ ചലനമൊന്നും സൃഷ്ടിക്കാൻ കഴിയാത്ത പദ്ധതിയാണ് സ്മാർട്ട് സിറ്റി. കാരണം ഇത്തരം തൊഴിലുകളെ വേർപെടുത്താൻ ബുദ്ധിമുട്ടാണ്.
- 10% പ്രൊഫഷണലുകൾ തൊഴിലെടുക്കുന്ന ഉൽപ്പാദന-കൺസൾട്ടൻസി മേഖല തീർത്തും വിവര സാങ്കേതിക വിദ്യകളെ ഉപയോഗിച്ച് പണം നേടുന്നവരും, വിഷയത്തിൽ കാര്യമായ സംഭാവനകളൊന്നും നൽകാൻ പല പരിമിധികൾമൂലം പറ്റാത്തവരുമാണ്.



● “വ്യാപാര” സിദ്ധാന്തത്തിനകത്ത് നിൽക്കുന്നതുകൊണ്ട് ഒരു സാമൂഹ്യ വ്യവസ്ഥിതിയ്ക്കുളിൽ വ്യക്തിവൽക്കരണം അനിവാര്യമാക്കുന്ന ഒന്നാണ് കുത്തക സോഫ്റ്റ് വെയർ ഉൽപ്പാദനം.

● ഇതിലൊന്നും പെടാത്ത സ്വതന്ത്ര സോഫ്റ്റ്‌വെയർ മേഖലയിലെ ഉൽപ്പാദനം ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ ഒരു സർഗ്ഗാത്മക സുഹൃദ്‌വലയത്തെ സാധ്യമാക്കുകയും ഒരു രാഷ്ട്രീയ ബോധവൽക്കരണം കൂടി നടത്തുകയും ചെയ്യുന്നു. ഇതിനാണെങ്കിൽ സ്ഥലത്തിന്റെ ആവശ്യമില്ലതാനും. അങ്ങനെ സ്മാർട്ട് സിറ്റി കൊണ്ട് വിപരീത പരിണാമ ഫലങ്ങൾ കേരളീയ സമൂഹത്തിൽ ഉണ്ടാവുന്നു.

● ഇതെല്ലാംകൊണ്ട് വിവര സാങ്കേതിക മേഖലയുമായി ഏത് വിധത്തിലാണ് സ്മാർട്ട് സിറ്റി ബന്ധപ്പെട്ടുകിടക്കുന്നതെന്ന് ഇനിയും വ്യക്തമല്ല.

● ഒരു ഐ.ടി. പ്രൊഫഷണലിന് അവരുടെ ഉപജീവന മാർഗ്ഗവുമായി മുന്നേറണമെങ്കിൽ മറ്റൊരാളുടെ ഭൂമിയും വിഭവങ്ങളും വേണമെന്ന ഒരു ഭയാനകമായ പ്രതീതി സ്മാർട്ട് സിറ്റി എന്ന പദ്ധതി ജനിപ്പിക്കുന്നു.

● വ്യാപാര മേഖലയുടെ പ്രതിസന്ധിക്ക് കാരണം ഗവൺമെന്റിന്റെ നിഷ്ക്രിയത്വവും, അനാവശ്യ ഇടപെടലുകളും ഗവൺമെന്റിന്റെ സാന്നിദ്ധ്യം നീക്കി വ്യാപാരത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകിയാൽ മാനവരാശിക്ക് പുരോഗതിയുണ്ടാക്കും എന്ന ദൃഢനിശ്ചയമുള്ള ഒരു ഐഡിയോളജി ആയ നിയോലിബറലിസത്തോടാണ് സ്മാർട്ട് സിറ്റി ചേർന്ന് നില്ക്കുന്നത്.

● നോം ചോംസ്കി, അമർത്യ സെൻ തുടങ്ങിയ പ്രമുഖ ചിന്തകന്മാർ നിയോലിബറലിസ്റ്റ് ചിന്താപദ്ധതിയെ എതിർക്കുന്നവരാണ്.

● സ്പെഷൽ ഇക്കണോമിക് സോൺ എന്ന ആശയം നിയോലിബറൽ പദ്ധതിയിൽപെടുന്ന ഒന്നാണ്. ഗവൺമെന്റിന് രാഷ്ട്രീയ സ്വാധീനമില്ലാത്ത ഒരു മേഖലയാണിത്. ഒ.ഇ.സി.ഡി. (Organisation for Economic Co-operation and Development) പോലെയുള്ള സ്ഥാപനങ്ങൾ ഐ.എം.എഫ്., വേൾഡ് ബാങ്ക് മുഖേന നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണിത്.

● ഇന്ത്യയിൽ ആദ്യത്തെ പ്രത്യേക സാമ്പത്തികമേഖലയ്ക്കുള്ളിലെ നഗരമാണ് സ്മാർട്ട് സിറ്റി. എലൈറ്റ് ക്ലാസിനുമുന്നിലുള്ള പരമ ലക്ഷ്യമായി സ്മാർട്ട് സിറ്റി മോഡൽ മാറുകയാണ്. ഇടതുപക്ഷം ഇത് സ്വീകാര്യമാക്കുമ്പോൾ വരുംകാല യുഡിഎഫ് ഗവൺമെന്റുകൾക്ക് കൂടുതൽ പേരെ കുടിയൊഴിപ്പിച്ച് നന്ദിഗ്രാം മാതൃകയിൽ കൂടുതൽ കൂടുതൽ സ്മാർട്ട് സിറ്റികൾ നിർമ്മിക്കാൻ അവസരമൊരുക്കുകയാണ്.

● **കടമ്പ്രയാർ ഒഴുകുന്നത് സ്മാർട്ട് സിറ്റിയ്ക്കകത്തുകൂടിയാണ്. ഇത് സ്മാർട്ട് സിറ്റിയ്ക്കുവേണ്ട ജലസ്രോതസ്സായി ഉപയോഗിക്കും. സ്മാർട്ട് സിറ്റിയുടെ മലിനജലം പേറേണ്ടി വരുന്നത്** കടമ്പ്രയാറിന് **ശേഷമുള്ള പെരിയാറായിരിക്കും.**

● **സ്മാർട്ട് സിറ്റിക്കുള്ള വൈദ്യുതി എവിടെനിന്ന് ലഭിക്കുമെന്ന് ഇനിയും വ്യക്തമല്ല.**

● **സ്മാർട്ട് സിറ്റിക്കുള്ളിൽ കൊക്കകോള കമ്പനി തുടങ്ങിയാലും അവിടെനിന്നുള്ള വെള്ളമെടുപ്പ് തടയാൻ സർക്കാരിനാവില്ല.**

● സ്മാർട്ട് സിറ്റി, സെസ്സ് ആയി പരിണമിക്കുമ്പോൾ അവിടെ നിന്നും ഉണ്ടാക്കുന്ന പണം അവിടെതന്നെ വരുന്ന ഹോട്ടൽ, എന്റർടെയ്ൻമെന്റ് പോലെയുള്ള വ്യവസായത്തിൽ കൂടി നേടാനാകുന്നു. അങ്ങനെ ഗവൺമെന്റിന് സാമ്പത്തികമായി യാതൊരു തരത്തിലുള്ള നേട്ടങ്ങളും ഇല്ലാതാവുന്ന ഒരു അവസ്ഥയിലേക്ക് ഇത് ചുരുങ്ങും.

● ഒരു ഗവൺമെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തിക്ക് വെളിയിൽ നിൽക്കുന്ന ഒന്നായതുകൊണ്ട് ഇവിടെ ഇന്റർനാഷണൽ ക്രൈം-ന്റെ ഒരു ഹബ്ബ് രൂപാന്തരപ്പെട്ടേക്കാനുള്ള സാധ്യത വളരെ വലുതാണ്.

● മദ്ധ്യവർഗ്ഗ ജനങ്ങൾ തീക്ഷ്ണമായ ഒരു പ്രാന്തവൽക്കരണത്തിന്റെ നിഴലിൽ ജീവിക്കേണ്ടി വരുമ്പോൾ നാളത്തെ കേരളത്തിൽ ഇന്നത്തെ കേരളീയർക്ക് സ്ഥാനമുണ്ടാവാൻ വഴിയില്ല. മിക്ക കേന്ദ്രീകൃത വികസനമാതൃകകൾക്കും ഇത് ബാധകമാണ്.

● നിയോലിബറലിസം-നെ മുന്നോട്ടുകൊണ്ടു പോകുന്ന യു.ഡി.എഫ്. സർക്കാരിനെ നയങ്ങളെ പിന്തുണയ്ക്കുന്നതിന് തുല്യമാണീ നടപടി. കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഇതിന്റെ ഇരകളായി മാറുകയാണ്.

● ജനങ്ങളുടെ ഇടയിൽ വേണ്ടരീതിയിൽ ചർച്ചയ്ക്ക് വിടാതെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജനാധിപത്യമെന്നാൽ വിഭവങ്ങളുടെ മീതെയുള്ള ജനാധിപത്യവൽക്കരണമാണ് – അതിൽ ജനങ്ങൾക്കാണ് തീരുമാനത്തിനായി വിട്ടുകൊടുക്കേണ്ടത്.

● ഇത് യൂറോപ്യൻ ഡെമോക്രസിയെ കണ്ണടച്ച് പിന്തുടരുന്നതിന്റെ ഒരു പരിണാമം തന്നെയാണ് നാം ഇവിടെ കാണുന്നത്. കേരളം ഇവിടുത്തെ കേരളീയരുടെതാണ്. അതിനെ മറ്റൊരു ശക്തിക്ക് വകമാറ്റി കൊടുക്കുന്നത് ജനാധിപത്യമര്യാദയ്ക്ക് വിരുദ്ധമാണ്.

● ഇതെല്ലാം വച്ച് നോക്കുമ്പോൾ സ്മാർട്ട് സിറ്റി എന്നത് ഒരു ടെസ്റ്റ് ഡോസ് - ആണ്. ഒരു പ്രത്യേക സാമ്പത്തികമേഖലയ്ക്കുള്ളിലെ നഗരത്തിന്റെ ഒരു യഥാർത്ഥ ബ്ലൂപ്രിന്റ്.